"ഭരണഭാഷ-മാതൃഭാഷ"

C-105657

കേരള സർക്കാർ

## സംഗ്രഹം

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ക്ഷേമനിധി കുടിശ്ശിക ഒടുക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി - കാലാവധി 23.08.2019 തീയതി മുതൽ മൂന്നു മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

തൊഴിലും നൈപുണ്യവും (ബി) വകുപ്പ്

**സ. ഉ.(സാധാ) നം.1122/2019/തൊഴിൽ      തീയതി, തിരുവനന്തപുരം, 19.09.2019**

പരാമർശം:- 1. 23.08.2018 തീയതിയിലെ സ.ഉ.(സാധാ) 1024/2018/തൊഴിൽ നമ്പർ ഉത്തരവ്.

2. 11.03.2019 തീയതിയിലെ സ.ഉ.(സാധാ) 324/2019/തൊഴിൽ നമ്പർ ഉത്തരവ്.

3. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടറുടെ 21.06.2019, 06.08.2019 എന്നീ തീയതികളിലെ ആർ.എം.സി/8093/09-18 നമ്പർ കത്ത്.

## ഉത്തരവ്

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 26.10.2017 വരെ ക്ഷേമനിധി കുടിശ്ശിക വരുത്തിയിട്ടുള്ള കക്ഷികൾക്ക് പലിശയിനത്തിൽ നിലവിൽ അടയ്ക്കാനുള്ള തുകയുടെ മൂന്നിൽ രണ്ട് ഭാഗം ഇളവ് ചെയ്തുകൊണ്ടും ഒറ്റ ലൈസൻസി മാത്രമുള്ളതും ടിയാൾ മരണപ്പെട്ടതുമായ കുടിശ്ശിക കേസുകളിൽ പലിശയിനത്തിൽ നിലവിൽ അടയ്ക്കാനുള്ള തുകയുടെ 10% ഈടാക്കിക്കൊണ്ടും പ്രസ്തുത രണ്ടു കേസുകൾക്കും 23.08.2018 മുതൽ ആറ് മാസത്തിനുള്ളിൽ മുഴുവൻ തുകയും ഒറ്റത്തവണയായി അടച്ചുതീർക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. 22.02.2019 – ന് അവസാനിച്ച പ്രസ്തുത പദ്ധതിയുടെ കാലാവധി 23.02.2019 തീയതി മുതൽ ആറ് മാസത്തേക്ക് കൂടി ദീർഘിപ്പിച്ചും അതോടൊപ്പം ഒന്നിൽ കൂടുതൽ ലൈസൻസികൾ ഉള്ളതും അവരെല്ലാം മരണപ്പെട്ടതുമായ കുടിശ്ശിക കേസുകൾക്ക് കൂടി പലിശയിനത്തിൽ നിലവിൽ അടയ്ക്കാനുള്ള തുകയുടെ 10% ഒടുക്കി മുഴുവൻ തുകയും ഒറ്റത്തവണയായി അടച്ചുതീർക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ആനുകൂല്യം ബാധകമാക്കിയുമുള്ള ഉത്തരവ് പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിരുന്നു.

ഇത്തരത്തിൽ ദീർഘിപ്പിച്ച പദ്ധതിയുടെ കാലാവധി 22.08.2019-ന് അവസാനിക്കുന്ന സാഹചര്യത്തിൽ പദ്ധതിയുടെ കാലാവധി 23.08.2019 മുതൽ മൂന്നു മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന് പരാമർശം (3) പ്രകാരം ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ക്ഷേമനിധി കുടിശ്ശിക ഒടുക്കുന്നതിന് പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം നടപ്പിലാക്കിയിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 23.08.2019 തീയതി മുതൽ മൂന്നു മാസത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**ഡി. ലാൽ**
**അഡീഷണൽ സെക്രട്ടറി**

ചീഫ് വെൽഫെയർ ഫണ്ട് ഇൻസ്പെക്ടർ, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ